പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :538 27.02. 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബിയിൽ മസ്ദൂർ നിയമനം

ചോദ്യം

ശ്രീ.സി.കെ.ഹരീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബിയിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന മസ്ദൂർ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്നതിലേക്കായി പി.എസ്.സി വഴി നടത്തിയ എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികതയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) കാറ്റഗറി നമ്പർ.63/2017 ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച "അർഹതാ നിർണ്ണയ" പരീക്ഷയുടെ യോഗ്യതകൾ താഴെ പറയുന്ന പ്രകാരമാണ്.<br>(1) നാലാം സ്റ്റാൻഡേർഡ് പാസായിരിക്കേണ്ടതാണ്. പത്താം സ്റ്റാൻഡേർഡ് പാസായവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ അവരുടെ അപേക്ഷയുടെ സ്വീകാര്യത ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) No.28758/2016(T)-യിന്മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.<br>(2) ശാരീരിക ക്ഷമത:<br>(a) 5' 2" (157.48 സെ.മീ.) ഉയരം ഉണ്ടായിരിക്കണം.<br>(b) കണ്ണടയില്ലാതെ സാധാരണ കാഴ്ച. വർണ്ണാന്ധത (colour blindness) ഉണ്ടായിരിക്കരുത്.<br>(c) പുറം ജോലികൾ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം<br><br>നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം B.O. No.1509/98 (Estt.II/19027/87) dated 13.07.1998 പ്രകാരമാണ്. അവയിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതകൾ താഴെ പറയും പ്രകാരമാണ്. |

ഉദ്യോഗാർത്ഥി നാലാം സ്റ്റാൻഡേർഡ് പാസായിരിക്കുകയും പത്താം സ്റ്റാൻഡേർഡ് പാസാകാതെയിരിക്കുകയും വേണം.

(1) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

(2) ശാരീരിക ക്ഷമത:

- (i) പുരുഷന്മാർക്ക് 5' 2" (157.48 സെ.മീ.) പൊക്കം ഉണ്ടായിരിക്കണം.
- (ii) സ്ത്രീകൾക്ക് 4' 9" പൊക്കം ഉണ്ടായിരിക്കണം.

(3) വർണ്ണാന്ധത (colour blindness) ഉണ്ടായിരിക്കരുത്.

(4) പുറം ജോലികൾ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം.

<u>കുറിപ്പ്</u>

(1) സ്ത്രീകളും, ശാരീരിക വൈകല്യമുള്ളവരും (താഴെ പറയുന്ന തിനും) (2) ആശ്രിത നിയമന വ്യവസ്ഥകൾ ഒഴിച്ച് ഈ തസ്തികയ്ക്കു യോഗ്യരല്ല.

5% ഒഴിവുകൾ 3 വർഷത്തിൽ കുറയാത്ത കെ.എസ്.ഇ.ബി. ലിമിറ്റഡ് സർവ്വീസ് ഉള്ള പി.റ്റി.സി.വർക്കർമാർക്കായി മാറ്റി വയ്ക്കും.

(സി) പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകുവാനാകും എന്ന് അറിയിക്കാമോ?

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി പെറ്റികോൺട്രാക്ട് വർക്കേഴ്സ് ആയി ജോലി ചെയ്യ/ജോലി ചെയ്തു വരുന്നവരെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ബഹുമാനപ്പെട്ട സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ച് മസ്ദൂർ തസ്തികയിൽ സ്ഥിരം നിയമനം നൽകുന്നതിലേയ്ക്കായി 1486 തസ്തികകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജില്ലാതലത്തിൽ ഇവർക്കായി നൽകേണ്ട നിയമനം, എണ്ണം എന്നിവ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 133 |
| 2 | കൊല്ലം | 111 |
| 3 | പത്തനംതിട്ട | 74 |
| 4 | ആലപ്പുഴ | 77 |
| 5 | കോട്ടയം | 109 |
| 6 | ഇടുക്കി | 42 |
| 7 | എറണാകുളം | 158 |
| 8 | തൃശ്ശൂർ | 188 |

| | | |
|---|---|---|
| 9 | പാലക്കാട് | 130 |
| 10 | മലപ്പുറം | 135 |
| 11 | കോഴിക്കോട് | 112 |
| 12 | വയനാട് | 23 |
| 13 | കണ്ണൂർ | 142 |
| 14 | കാസറഗോഡ് | 52 |
| | ആകെ | 1486 |

സെക്ഷൻ ഓഫീസർ